വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) :

(എ) യു.ജി.സി. സ്കീം കേവലം ഒരു ശമ്പള പരിഷ്ക്കരണം മാത്ര മല്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള സമഗ്ര പദ്ധതിയാണ്. 21.12.99-ലെ ജി.ഒ.(പി)171/99/ഉവിവ നമ്പർ ഉത്തരവിലെ 4.1 ഖണ്ഡിക മുതൽ 15.7 ഖണ്ഡിക വരെയുള്ളവയാണ് ഈ വ്യവസ്ഥകൾ. ഉത്തരവിന്റെ ഒരു പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

(ബി) യു.ജി.സി. നിർദ്ദേശപ്രകാരം ഒരു അദ്ധ്യാപകന്റെ ജോലിഭാരം ആഴ്ചയിൽ 40 മണിക്കൂറും ഇതിൽ ക്ലാസിൽ പഠിപ്പിക്കേണ്ടത് 16 മണിക്കൂറു മായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) യു.ജി.സി. നിർദ്ദേശപ്രകാരം ആഴ്ചയിൽ 6 ദിവസം വച്ച് ഒരു അദ്ധ്യയനവർഷത്തിൽ 30 ആഴ്ചയോ ആഴ്ചയിൽ 5 ദിവസം വച്ച് 36 ആഴ്ചയോ അദ്ധ്യയനദിവസം വേണ്ടതാണ്. കൂടാതെ ആഴ്ചയിൽ 40 മണി ക്കൂർ പ്രവൃത്തിസമയമായും നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ആഴ്ചയിൽ 6 ദിവസം പഠിപ്പിക്കണമെന്ന് 21.12.99-ലെ ജി.ഒ(പി) നം.171/99-ലെ ഉവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

(ഇ) കുറച്ച് അദ്ധ്യാപകർ മാത്രമേ ശനിയാഴ്ച ദിവസങ്ങളിൽ ജോലിയ്ക്ക് ഹാജരായിരുന്നിട്ടുള്ളൂ.

(എഫ്) ശനിയാഴ്ച ജോലിക്ക് ഹാജരാകാത്ത അദ്ധ്യാപകരുടെ ആ ദിവസത്തെ ശമ്പളം തടഞ്ഞുവയ്ക്കാനുള്ള നിർദ്ദേശം വേണ്ടപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ജി) 1.1.96 മുതൽ 31.3.2000 വരെയുള്ള മൊത്തം അധിക ബാധ്യത 166.24 കോടിരൂപയാണ്. 2000-2001 സാമ്പത്തികവർഷത്തെ അധിക സാമ്പ ത്തിക ബാധ്യത 42.5 കോടിരൂപയായിരിക്കും. ഇത് അടിസ്ഥാനശമ്പളം മാത്രം കണക്കിലെടുത്തുള്ളതാണ്. ക്ഷാമബത്ത, വീടുവാടക അലവൻസ്, സിറ്റി കോമ്പൻസേറ്ററി അലവൻസ് എന്നിവ സംസ്ഥാനനിരക്കിൽ കൊടുക്കുന്നതി നുള്ള അധിക ബാധ്യതയും കൂടികണക്കിലെടുക്കേണ്ടതാണ്.

(എച്ച്) 1.1.96 മുതൽ 31.3.2000 വരെയുള്ള അധിക ചെലവിന്റെ 80% യു. ജി.സി. നൽകുന്നതാണ്. 1.4.2000 മുതലുള്ള മുഴുവൻ സാമ്പത്തിക ബാധ്യ തയും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതാണ്.

6 (*96) പ്രൈമറി വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്ന നടപടി

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. തമ്പാനൂർ രവി</u> :
<u>ശ്രീ. കെ. മുഹമ്മദാലി</u> :
<u>ശ്രീ. എഴുകോൺ നാരായണൻ</u> :
<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രൈമറി വിദ്യാർത്ഥികൾക്ക് മൂന്ന് നേരം ഭക്ഷണം നൽകുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുണ്ടോ;

(ബി) ഈ അടിസ്ഥാനത്തിൽ 1997-98-ൽ എത്ര മെട്രിക് ടൺ അരി കേന്ദ്രത്തിൽ നിന്നും വാങ്ങി;

(സി) 1997 ജൂലായ് 24-ന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ഭക്ഷണവും, ഉച്ചഭക്ഷണവും സായാഹ്ന ലഘുഭക്ഷണവും വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള രൂപരേഖ തയ്യാറാക്കുവാൻ ഗവൺമെന്റ് വിദ്യാഭ്യാസ ഡയറക്ടറോടു നിർദ്ദേശിച്ചുവോ;

(ഡി) എങ്കിൽ ഇതനുസരിച്ച് വിദ്യാഭ്യാസ ഡയറക്ടർ രൂപരേഖ തയ്യാറാക്കിയോ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം മൂന്നു നേരവും പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിവരം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സമഗ്ര പോഷകാഹാര പരിപാടിയുടെ ഭാഗമായി അഞ്ചാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് സൗജന്യമായി അരി നൽകുന്നുണ്ട്.

(ബി) 1997-98-ലെ അദ്ധ്യയന വർഷം 62796.06 മെട്രിക് ടൺ അരി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു.

(സി) നിർദ്ദേശിച്ചു.

(ഡി) തയ്യാറാക്കി.

(ഇ) ഇപ്പോൾ ഒരു നേരം മാത്രമേ ഭക്ഷണം കൊടുക്കുന്നുള്ളൂ. ഈ വിവരം കേന്ദ്രത്തെ അറിയിക്കേണ്ട ആവശ്യമില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

7 (*97) മത്സ്യസമ്പത്തിന്റെ സമഗ്രവിനിമയം

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യസമ്പത്തിന്റെ സമഗ്ര വിനിമയത്തെ സംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് സമിതിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly